ഉത്തരം

(എ-ഡി) സംസ്ഥാനത്ത് പാരമ്പര്യ ചികിത്സാ രീതികൾ സംരക്ഷിക്കുന്നതിനും ചികിത്സാ രംഗത്തെ നാട്ടറിവുകൾ സംരക്ഷിക്കുന്നതിനും ഇപ്പോൾ പുതുതായി രൂപീകരിച്ച ആയുഷ് വകുപ്പിൽ ഈ വിഭാഗത്തിന് പ്രത്യേക പരിഗണന നൽകി നടപ്പിലാക്കിവരുന്നു. വ്യാജ ചികിൽസകരെക്കുറിച്ച് പരാതി ലഭിച്ചാൽ കർശന നടപടി എടുക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകിവരുന്നു.

ജനൗഷധി പദ്ധതി

137 (826) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനൗഷധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ നേരിടുന്ന പ്രധാന തടസ്സങ്ങൾ വിശദീകരിക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ എന്തൊക്കെ വ്യവസ്ഥകളാണ് നിഷ്കർഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ജനൗഷധി സ്കീം പ്രധാനമായും പാവപ്പെട്ട രോഗികൾക്ക് വളരെ വിലക്കുറവിൽ 361 ഇനം മരുന്ന ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പട്ടികയിലെ 216 ഇനം മരുന്നുകൾ നിലവിൽ സർക്കാരിന്റെ സൗജന്യ ജനറിക് മരുന്ന പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾവഴി സൗജന്യമായി വിതരണം ചെയ്യുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 42 ഇനം മരുന്നുകൾ കേരളത്തിന്റെ അവശ്യമരുന്ന പട്ടികയിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതും 52 ഇനം മരുന്നുകൾ (സമ്മിശ്രം) ഇപ്പോൾ കേരളത്തിൽ ഉപയോഗിക്കാത്തതും ആണ്. ആയതിനാൽ ജനൗഷധി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ല.

(സി) സംസ്ഥാന സർക്കാർ പ്രസ്തുത സംരംഭം നടപ്പാക്കുന്നതിനായുള്ള ഏജൻസിയെ നിർദ്ദേശിക്കണമെന്നും നടപ്പിലാക്കുന്ന ഓരോ ആശുപത്രി പരിസരത്തും 120 ചതുരശ്ര അടി സ്ഥലം സ്വതന്ത്രമായി ഉപയോഗിക്കത്തക്ക നിലയിൽ നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനുപുറമെ ഏജൻസിക്ക് ഉണ്ടായിരിക്കേണ്ട മാനദണ്ഡങ്ങളും കൂടെ ചേർത്തിരിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. ബന്ധപ്പെട്ട അധികാരികളിൽനിന്നും വിൽപ്പന ലൈസൻസ്, ഡ്രഗ്സ് ലൈസൻസ്, ടിൻ നമ്പർ എന്നിവ ലഭ്യമാക്കണം.

2. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഫാർമസിസ്റ്റ്, സ്റ്റേറ്റ് ഫാർമസി കൗൺസിലിലുള്ള രജിസ്ട്രേഷൻ നമ്പർ സഹിതം.

3. വില്പന വിലയിന്മേൽ 16% നൽകും. ഇതിനുപുറമെ സ്ഥാപന പ്രാരംഭ ചെലവുകൾക്കായി 2 ലക്ഷവും കമ്പ്യൂട്ടറുകൾക്കായി 50,000 രൂപയും അനുവദിക്കും.

4. ആവശ്യത്തിന് ഫർണീച്ചറുകൾ, മരുന്നുകളും വില്പനകളും നൽകുന്നതിനുള്ള കൗണ്ടറുകൾ, കമ്പ്യൂട്ടർ, ഓഫീസ് ടേബിൾ, കസേരകൾ മുതലായവ.

5. കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ്, ടെലിഫോൺ കണക്ഷൻ, ആവശ്യമായ സോഫ്റ്റ്വെയറുകൾ.

6. മരുന്നുകൾ നിശ്ചിത (കുറഞ്ഞ) താപനിലയിൽ സൂക്ഷിക്കുന്നതിനാവശ്യമായ റഫ്രിജറേറ്ററുകൾ.

7. ഏജൻസിയുടെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫ്, ഏജൻസി കണ്ടെത്തേണ്ടതാണ്.

8. ബില്ലിംഗിനായി അംഗീകൃത സോഫ്റ്റ്വെയർ (ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് ഓഫ് ഇന്ത്യ - ബി.പി.പി.ഐ. നൽകുന്നത്) ഉപയോഗിക്കണം.

9. ബി.പി.പി.ഐ. നൽകുന്ന മരുന്നുകൾ മാത്രമേ ജനൗഷധി സ്റ്റോറുകൾ മുഖേന വിൽക്കുവാൻ പാടുള്ളൂ.

10. പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ ആവശ്യമെങ്കിൽ 24 മണിക്കൂറും പ്രവർത്തിപ്പിക്കണം.

11. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്റ്റോറുകൾക്ക് മരുന്ന് നൽകി പരമാവധി 60 ദിവസത്തിനുള്ളിൽ മരുന്നിന്റെ വില നൽകണം. മറ്റുള്ളവയ്ക്ക് മുൻകൂട്ടി തുക അടച്ചാൽ മാത്രമേ മരുന്ന് ലഭ്യമാക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly